


# പ്ലാച്ചിമടയിൽ നടന്നതെന്ത്?

ഡോ. പി.എസ്. പണിക്കർ

**കുടിവെള്ളത്തിന് വേണ്ടി അനിശ്ചിതകാല നിരാഹാരം**

പ്ലാച്ചിമടയിൽ കർക്കടകമാസത്തിൽപ്പോലും ലോറി വെള്ളത്തെ ആശ്രയിക്കേണ്ടി വരുന്നു. കൊക്കകോള കമ്പനിയുടെ ജലചൂഷണവും മലിനീകരണവും മൂലം ഇവിടെ ജലക്ഷാമം രൂക്ഷമാണ്. പൈപ്പ് വെള്ളം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാലനും വൈസ് ചെയർമാൻ രാമസാമി മൂപ്പനും ജനുവരി 18ന് രാവിലെ 11 മണിക്ക് ജില്ലാകളക്ടറേറ്റിന് മുന്നിൽ നിരാഹാരസമരം തുടങ്ങി. സ്ത്രീകളുൾപ്പെടെ 300 ൽപ്പരം പേർ കോട്ടമൈതാനത്തു നിന്ന് കളക്ടറേറ്റിന് മുമ്പിലേക്ക് പ്രകടനമായി എത്തിച്ചേർന്നു. പ്ലാച്ചിമടയിൽ നിന്നും പുറപ്പെട്ട പ്രവർത്തകരുടെ വാഹനങ്ങൾ ജനതാദൾ പ്രവർത്തകർ തടസ്സപ്പെടുത്തി സംഘർഷാവസ്ഥ സൃഷ്ടിച്ചു. പ്രൊഫ. എം പി മത്തായി സത്യാഗ്രഹസമരം ഉദ്ഘാടനം ചെയ്തു. മുൻമന്ത്രി വി സി കബീർ, ടി ചന്ദ്രൻ (ആർ എസ് പി), കെ കൃഷ്ണൻകുട്ടി (സി പി ഐ), ഇന്ത്യന്നൂർ ഗോപി തുടങ്ങിയവർ പ്രസംഗിച്ചു. സമരസമിതി ഐക്യദാർഢ്യ സമിതി പ്രവർത്തകരും വി സി കബീറും കൂടി ജില്ലാകളക്ടർ കെ യു മോഹൻകുമാറുമായി തുടങ്ങിയ ചർച്ചയുടെ ഫലമായി കളക്ടർ 10 ദിവസത്തിനുള്ളിലെ പ്ലാച്ചിമടയിൽ പൈപ്പ് വെള്ളം ലഭ്യമാക്കാമെന്ന ഉറപ്പോടെ സത്യാഗ്രഹസമരം ജനുവരി 19ന് അവസാനിപ്പിച്ചു. പൈപ്പ് വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് രണ്ടാഴ്ച സമയമെടുത്തു. എന്നാൽ പെരുമാട്ടി പഞ്ചായത്ത് അധികൃതർക്ക് ഇത് ഒട്ടും ഇഷ്ടമായില്ല. പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനെ അവർ തടസ്സപ്പെടുത്തി. 1800 രൂപ നൽകുന്നവർക്ക് മാത്രമേ വീടുകളിലേക്ക് പൈപ്പ് കണക്ഷൻ നൽകൂ എന്ന് അവർ നിർബന്ധം പിടിച്ചു.

**ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്**

കേരള സർക്കാർ നിയമിച്ച ഉന്നതാധികാര സമിതി കൊക്കക്കോള കമ്പനിയിൽ നിന്ന് നഷ്ടപരിഹാരമായി ജനങ്ങൾക്ക് 216 കോടി രൂപ വാങ്ങിനൽകണമെന്ന ശുപാർശ്ശ സർക്കാറിന് സമർപ്പിച്ചു. കമ്പനി നടത്തിയ നിയമലംഘനത്തെ പറ്റി ദീർഘമായ റിപ്പോർട്ട് വിശദീകരിക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് ഒരു ട്രിബ്യൂണൽ രൂപീകരിക്കണമെന്നും ശുപാർശയുണ്ട്. ഈ റിപ്പോർട്ട് പലരേയും വിളറിപിടിപ്പിച്ചു.

സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാലിനെ മർദ്ദിച്ചു പൈപ്പ് വെള്ള വിതരണം തടസ്സപ്പെടുത്തിയതിനെപ്പറ്റി ചർച്ചചെയ്യാൻ വിളയോടി വേണുഗോപാൽ മാർച്ച് 27ന് രാവിലെ 11 മണിക്ക് പഞ്ചായത്ത് ഓഫീസിൽ ചെല്ലുന്നു. ജനതാദൾ പ്രാദേശിക നേതാവും പഞ്ചായത്ത് മെമ്പറുമായ കെ. സുരേഷ് വേണുഗോപാലിനെ അക്രമക്കുന്നു. പാലക്കാട് ജില്ലാ ആശുപത്രിയിൽ അദ്ദേഹം ആഴ്ചകളോളം ചികിത്സയിലായിരുന്നു.

**മർദ്ദനത്തിനെതിരെ പ്രകടനം**

മാർച്ച് 28ന് രാവിലെ 11 മണിക്ക് സമരഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ വിളയോടി വേണുഗോപാലിനെ മർദ്ദിച്ചതിൽ പ്രതിഷേധിച്ച് കന്നിമാരിയിൽ നിന്ന് പ്ലാച്ചിമട സമരപന്തൽ വരെ പ്രകടനം നടത്തി.

**പഞ്ചായത്ത് ഓഫീസ് മാർച്ച് തുടർന്ന് സമരപന്തൽ കത്തിക്കുന്നു**

മാർച്ച് 29ന് സമരഐക്യദാർഢ്യസമിതികളുടെ ആഭിമുഖ്യത്തിൽ വണ്ടിത്താവളത്തിൽ നിന്ന് പെരുമാട്ടി പഞ്ചായത്ത് ഓഫീസിലേക്ക് ജനകീയ മാർച്ച് നടത്തി. പ്രതിഷേധ പ്രകടനത്തിൽ പ്രകോപിതരായ പഞ്ചായത്ത് മെമ്പർ കെ. സുരേഷും കൂട്ടരും ഇതിന് പകരമായി ആദിവാസികളുടെ വീട് തല്ലിതകർക്കുമെന്നും സമരപന്തൽ കത്തിക്കുമെന്നും പ്രഖ്യാപിച്ചു. മാർച്ച് 30ന് രാവിലെ 7:30ന് ജനതാദൾ പ്രവർത്തകർ പ്ലാച്ചിമട കോളനിയിലെ വീടുകൾ തകർക്കുന്നു. അന്ന് രാത്രി പ്ലാച്ചിമട സമരപന്തലിന് തീകൊളുത്തുന്നു.

**പന്തൽ പുനർനിർമ്മിക്കുന്നു**

ഏപ്രിൽ 7ന് പ്ലാച്ചിമട സമരഐക്യദാർഢ്യസമിതികളുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സമരപ്രവർത്തകർ ഒത്തുചേർന്ന് പന്തൽ പുനർനിർമ്മിച്ചു. പട്ടികജാതി-പട്ടിക വകുപ്പ് മന്ത്രി എ.കെ. ബാലൻ പ്ലാച്ചിമട സന്ദർശിച്ചു. കേസുമായി ബന്ധപ്പെട്ട് ചില പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും കെ. സുരേഷിനെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. പ്ലാച്ചിമടയിലെ അക്രമികളെ എത്രയും വേഗം അറസ്റ്റ് ചെയ്ത് അടിയന്തര നിയമനടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.